DISPATCHED
On 16/21/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 229*(2)/2022*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **4113**/*എസ്.ഐ.സി-ജി 6/22*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ഫൈസൽ സി.എച്ച്.,
ചെങ്കോളിയിൽ വീട്,
എന്തയാർ പി.ഒ.,
കോട്ടയം ജില്ല – 686 514.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അക്കൗണ്ടസ് ഓഫീസർ(ജനറൽ ഇ.എഫ്.)
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
അഡീഷണൽ ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.08.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.09.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.10.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 02.11.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 02.03.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 07.03.2022 |
| ഹിയറിംഗ് നടന്ന തീയതി | 27.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 12.08.2022ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) **G.O.M.S. 242/1984/H.Edn.dated 05/09/1984** ഉത്തരവ് ഇപ്പോൾ പ്രാബല്യത്തിലുണ്ടോയെന്നും

എ) ടി ഉത്തരവ് റദ്ദക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കണമെന്നും

2) **G.O.M.S. 242/1984/H.Edn.dated 05/09/1984** ഉത്തരവ് റദ്ദാക്കാതെ നിലനിൽക്കുന്നുണ്ടെങ്കിൽ ടി ഉത്തരവിന്റെ ആനുകൂല്യം ഏതെങ്കിലും എയ്ഡഡ് കോളേജ് ജീവനക്കാർക്ക് നിഷേധിച്ചിട്ടുണ്ടോയെന്നും

എ) അപ്രകാരം നിഷേധിച്ച കോളേജുകളും ജീവനക്കാരുടെ വിവരവും ലഭ്യമാക്കണമെന്നും

ബി) നിഷേധിച്ചിട്ടുണ്ടെങ്കിൽ നിഷേധിക്കാനുള്ള കാരണം ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നുമാണ്.

ആയതിന് 14.09.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തതായുള്ള വിവരം ലഭ്യമല്ലെന്നും
2) സ്ഥാനക്കയറ്റ പ്രൊപ്പോസൽ സംബന്ധിച്ച വിവരങ്ങൾ ടി കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 02.11.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തിട്ടില്ലെന്നും

2) പ്രസ്തുത വിവരങ്ങൾ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ലെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 26.03.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 16.08.2021ന് ടി കാര്യാലയത്തിൽ വിവരാവകാശ അപേക്ഷ സമർപ്പിക്കുകയും ആയതിന് 14.09.2021ന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ പ്രസ്തുത മറുപടി തൃപ്തികരമല്ലാത്തതിനാൽ 08.10.2021ന് സമർപ്പിച്ച അപ്പീലിന് 02.11.2021ന് മറുപടി നൽകിയിട്ടുണ്ടെന്നാണ്. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന ചോദ്യങ്ങൾക്ക് ടി കാര്യാലയത്തിൽ ലഭ്യമായ മറുപടി ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

1) സർക്കാർ ഉത്തരവ് റദ്ദ് ചെയ്തിട്ടില്ലെന്നും

2) എയ്ഡഡ് കോളേജ് ജീവനക്കാരുടെ നിയമന അധികാരി അതാത് കോളേജ് മാനേജ്മെന്റ് ആണെന്നും മാനേജ്മെന്റ് നൽകിയ നിയമനം/സ്ഥാനക്കയറ്റം എന്നിവ ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരമാണോ എന്നു പരിശോധിച്ച് അംഗീകാരം നൽകുക മാത്രമാണ് ടി കാര്യാലയത്തിൽ നിന്നും ചെയ്യുന്നതെന്നും ആയതിനാൽ നിയമനം/സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ ടി കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 09-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി(ഫിനാൻസ്)

Ge/